"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിന് 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.45/2025/TAXES തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:- 1. സ.ഉ.(കൈ).2/2025/നികുതി തീയതി: 07.01.2025

2. എക്സൈസ് കമ്മീണറുടെ 08.01.2025 ലെ ഇ.എക്സ്.സി/4402/2023-എക്സ്.എഫ്.ബി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി വകുപ്പിൽ നിലവിൽ ഉപയോഗ യോഗ്യമായ വാഹനങ്ങൾ ഇല്ലാത്ത 7 ഓഫീസുകൾക്ക് വേണ്ടി പുതിയ 7 വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് enforcement പ്രവർത്തനങ്ങൾക്ക് വാഹനങ്ങൾ അനുവദിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത്, 2024-25 സാമ്പത്തിക വർഷത്തിൽ Plan prioritisation – ന്റെ ഭാഗമായി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം (പ്ലാൻ)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 67.72 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) ഉപയോഗിച്ച് നിലവിൽ ഉപയോഗ യോഗ്യമായ വാഹനങ്ങൾ ഇല്ലാത്ത 7 ഓഫീസുകളിലെ ചുവടെ പറയുന്ന പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്ക് പകരമായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള പുതിയ 7 വാഹനങ്ങൾ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl No | Reg.No.of the Vehicle | Year of Manufacture |
|---|---|---|

| | | |
|---|---|---|
| 1 | KL-01-AX-1938 | 2009 |
| 2 | KL-01-AS-8523 | 2008 |
| 3 | KL-01-AV-1986 | 2009 |
| 4 | KL-01-AV-120 | 2009 |
| 5 | KL-01-AX-1923 | 2009 |
| 6 | KL-01-AX-1961 | 2009 |
| 7 | KL-01-AX-1864 | 2009 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (EXP/B1/435/2024-FIN Dated 04.03.2025 പ്രകാരം)
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ 2945 തീയതി 15.05.2025 പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 17-05-2025 09:41:48
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. ബഹു.തദ്ദേശസ്വയംഭരണവും, എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

3. അഡീ. ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

4. എക്സൈസ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-05-2025

ഫയൽ നം. എഫ്3/176/2024/നി.വ. ഇനം നം: 2945

വിഷയം : നികുതി വകുപ്പ് - എക്സൈസ് - ആധുനികവത്കരണം - 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(F)
16/5
JS

2945

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **നം.എഫ്3/176/2024/നി.വ.** |
| 2. | വകുപ്പ് | : | **നികുതി (എഫ്) വകുപ്പ്** |
| 3 | വിഷയം | : | **എക്സൈസ് വകുപ്പ് - എക്സൈസ് - ആധുനികവത്കരണം - 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകുന്നത് -സംബന്ധിച്ച്.** |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | **24.03.2025** |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | **അതെ** |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | **ഉണ്ട്.**<br><br>**ഉണ്ട്.** |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | : | **ഇല്ല** |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | **ശ്രീ.പ്രമോദ്.എം.വി** |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | **ഡോ.എ.ജയതിലക്** |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | **29.03.2025** |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | **ശ്രീമതി. ശാരദ മുരളീധരൻ** |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | **24.04.2025** |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | **ശ്രീ.എം.ബി.രാജേഷ്** |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | **07.05.2025** |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | **08.05.2025** |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എക്സൈസ് വകുപ്പിന്റെ എൻഫോഴ്‌സ്‌മെന്റ് പ്രവർത്തനങ്ങൾക്കായി GeM മുഖാന്തിരം 7 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. 2024 -25 സാമ്പത്തിക വർഷത്തിൽ Plan prioritisation - ന്റെ ഭാഗമായി പുറപ്പെടുവിച്ച 07.01.2025 ലെ സ.ഉ.(കൈ).2/2025/നികുതി നമ്പർ ഉത്തരവിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം (പ്ലാൻ)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ എക്സൈസ് വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 67.72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. എക്സൈസ് വകുപ്പിൽ എൻഫോഴ്‌സ്‌മെന്റ് പ്രവർത്തനങ്ങൾക്കും മറ്റുമായി ആകെ 366 നാലു ചക്ര വാഹനങ്ങൾ ആണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 72 വാഹനങ്ങൾ, കണ്ടംനേഷൻ പരിധിയിൽ വരുന്നവയാണെന്നും, ടി വാഹനങ്ങളിൽ 29 വാഹനങ്ങൾ 2024-25 സാമ്പത്തിക വർഷത്തിൽ പതിനഞ്ചു വർഷം പൂർത്തിയാകുന്നതിനാൽ, സംസ്ഥാന സർക്കാരിന്റെ വെഹിക്കിൾ സ്ക്രാപ്പിംങ്ങ് പോളിസി പ്രകാരം, തുടർന്ന് ഉപയോഗിക്കാൻ സാധിക്കാത്തവയുമാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിൽ Plan Prioritization ന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനായി നിലവിൽ ലഭ്യമായിട്ടുള്ള 67.72 ലക്ഷം രൂപയിൽ നിന്നും നിലവിൽ ഉപയോഗയോഗ്യമായ വാഹനങ്ങൾ ഇല്ലാത്ത 7 ഓഫീസുകൾക്ക് വേണ്ടി GeM മുഖാന്തിരം 4 എണ്ണം മഹീന്ദ്ര ബൊലേറോ (B6 BS6), 3 എണ്ണം MARUTHI BREZZA VXI എന്നീ വാഹനങ്ങൾ വാങ്ങുന്നതിന് 67.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനായി എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

4. ഇക്കാര്യത്തിൽ അഭിപ്രായം ആരാഞ്ഞതിൽ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"എക്സൈസ് വകുപ്പിൽ നടപ്പ സാമ്പത്തിക വർഷം 29 വാഹനങ്ങൾ 15 വർഷ കാലാവധി പൂർത്തീകരിക്കാൻ പോകുന്നു എന്ന് ഭരണവകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ എക്സൈസ് enforcement പ്രവർത്തനങ്ങൾക്ക് വാഹനങ്ങൾ അനുവദിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് plan prioritisation ഉത്തരവായ സ.ഉ.(കൈ).2/2025/ടാക്സസ് ഉത്തരവിൽ വാഹനം വാങ്ങുന്നതിനായി നീക്കി വച്ചിട്ടുള്ള 67.72 ലക്ഷം രൂപ ഉപയോഗിച്ച് enforcement പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള 7 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നല്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.വാഹനം വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിൽ വാഹനത്തിന്റെ മേക്ക്,മോഡൽ എന്നിവ പരാമർശിക്കേണ്ടതില്ല എന്നും നിലവിൽ ഉപയോഗയോഗ്യമല്ലാത്ത ഏത് വാഹനത്തിന് വേണ്ടിയാണ് പകരം വാഹനം വാങ്ങുന്നത് എന്ന കാര്യം പരാമർശിക്കണം എന്നും അറിയിക്കുന്നു .

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"

5. നിലവിൽ ഉപയോഗയോഗ്യമല്ലാത്ത ചുവടെ പറയുന്ന 7 വാഹനങ്ങൾക്ക് പകരമാണ് പുതിയതായി വാഹനങ്ങൾ വാങ്ങേണ്ടതെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| Sl No | Reg.No.of the Vehicle | Year of Manufacture |
|---|---|---|
| 1 | KL-01-AX-1938 | 2009 |
| 2 | KL-01-AS-8523 | 2008 |
| 3 | KL-01-AV-1986 | 2009 |
| 4 | KL-01-AV-120 | 2009 |
| 5 | KL-01-AX-1923 | 2009 |
| 6 | KL-01-AX-1961 | 2009 |
| 7 | KL-01-AX-1864 | 2009 |

6. ഇതു സംബന്ധിച്ച ഫയൽ ബഹു.തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യ വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

2024 -25 സാമ്പത്തിക വർഷത്തിൽ Plan prioritisation - ന്റെ ഭാഗമായി പുറപ്പെടുവിച്ച 07.01.2025 ലെ സ.ഉ.(കൈ).2/2025/നികുതി നമ്പർ ഉത്തരവിൽ '2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം (പ്ലാൻ)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 67.72 ലക്ഷം രൂപ (അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) ഉപയോഗിച്ച് നിലവിലുള്ള 7 വാഹനങ്ങൾക്ക് പകരമായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള 7 വാഹനങ്ങൾ GeM പോർട്ടൽ വഴി ധനവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം വാങ്ങുന്നതിന് അനുമതി നൽകാമോ?